08
TVM
2022 ഫെബ്രുവരി 19 • ശനിയാഴ്ച
1197 കുംഭം 07 ഉത്രം 24⅝ തൃതീയ 37½
1943 മാഘം 30 • 1443 റജബ് 17
മാതൃഭൂമി

# വീഞ്ഞുത്പാദന ചട്ടം മാറ്റുന്നു

**ചെറുകിട യൂണിറ്റുകൾക്ക് വീഞ്ഞുണ്ടാക്കി ബെവ്കോവഴി വിൽക്കാം**

▸ ചെറുകിടസംരംഭങ്ങൾക്ക് കാർഷിക ഉത്പന്നങ്ങളിൽനിന്നു വീഞ്ഞുണ്ടാക്കാൻ സർക്കാർ അനുമതി നൽകും. കൈതച്ചക്ക, കശുമാങ്ങ, ചക്ക തുടങ്ങിയവയിൽനിന്നുള്ള വീര്യംകുറഞ്ഞ മദ്യനിർമാണമാണ് ലക്ഷ്യമിടുന്നത്. ലൈസൻസ് നേടുന്ന സ്ഥാപനങ്ങൾക്ക് ഇവ നിർമിക്കാമെങ്കിലും വിൽപ്പന ബിവറേജസ് കോർപ്പറേഷൻ വഴിയായിരിക്കും. നിലവിലെ വൈനറി ചട്ടത്തിൽ വ്യാവസായിക അടിസ്ഥാനത്തിലെ നിർമാണത്തിനുള്ള വ്യവസ്ഥകൾ മാത്രമാണുള്ളത്. വീടുകളിലെ വീഞ്ഞ് നിർമാണവും വിപണനവും നിയമവിരുദ്ധമാണ്. ഇതിനുപകരം ചെറുകിട നിർമാണത്തിന് അനുമതി നൽകുകയാണ് ലക്ഷ്യം.



# സ്വകാര്യ വ്യവസായ പാർക്കുകൾ ഈവർഷംതന്നെ

▸ ഇ-മാർക്കറ്റ് സജ്ജീകരണം, ലോജിസ്റ്റിക് പാർക്ക് സ്ഥാപിക്കൽ എന്നിങ്ങനെ ഒട്ടേറെ പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്. സ്വകാര്യ വ്യവസായ പാർക്ക് പദ്ധതി ഈ വർഷംതന്നെ.

- 'ഒരുവർഷം ഒരുലക്ഷം സംരംഭങ്ങൾ' എന്ന പദ്ധതിക്കായി സംരംഭകർക്ക് നൂതന സാങ്കേതികവിദ്യകൾ നൽകാൻ ടെക്നോളജി ക്ലിനിക്ക് സ്ഥാപിക്കും.
- ചെറുകിട സംരംഭകർക്ക് അവരുടെ ബിസിനസ് വളർത്താനുള്ള ഭരണനിർവഹണ സംരംഭകത്വ പരിശീലനം നൽകാൻ സംവിധാനമൊരുക്കും.
- സംസ്ഥാനത്ത് ജോലിയെടുക്കുന്ന ഏകരായ സ്ത്രീകൾക്ക് സ്റ്റുഡിയോ അപ്പാർട്ടുമെൻറുകൾ ലഭ്യമാക്കി സുരക്ഷിത താമസ സൗകര്യം നൽകും.
- അസംഘടിത മേഖലയിലെ തൊഴിലാളികൾക്കായി അപകടമരണ നഷ്ടപരിഹാരത്തിന് പദ്ധതി നടപ്പാക്കും.

# സംരംഭകത്വ വായ്പാ പദ്ധതി: കെ.എഫ്.സി. 112 കോടി രൂപ വായ്പ നൽകി

**തിരുവനന്തപുരം** ▸ കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ(കെ.എഫ്.സി.) ആവിഷ്കരിച്ച സംരംഭകത്വ വായ്പാപദ്ധതിയിലൂടെ ഇതുവരെ 112 കോടി രൂപയുടെ വായ്പ നൽകി.

1954 സംരംഭങ്ങൾക്കാണ് ഇതിന്റെ പ്രയോജനം ലഭിച്ചത്. അടുത്ത അഞ്ചു സാമ്പത്തികവർഷക്കാലം ഓരോ വർഷവും 500 സംരംഭങ്ങൾക്ക് വായ്പ നൽകി അഞ്ചു വർഷംകൊണ്ട് 2500 സംരംഭങ്ങൾക്ക് വായ്പ ലഭ്യമാക്കുകയാണ് ലക്ഷ്യം.

സംസ്ഥാനത്തെ സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായമേഖലകളിൽ വലിയ മുന്നേറ്റമുണ്ടാക്കുക എന്ന ലക്ഷ്യത്തോടെ 2020-ലാണ് മുഖ്യമന്ത്രിയുടെ സംരംഭകത്വ വികസന പദ്ധതിയെന്ന വായ്പാപദ്ധതി കെ.എഫ്.സി. ആവിഷ്കരിച്ചത്. സൂക്ഷ്മ ചെറുകിട ഇടത്തരം യൂണിറ്റുകൾ, കേരള സ്റ്റാർട്ട് അപ്പ് മിഷനിൽ രജിസ്റ്റർചെയ്ത 10 വർഷത്തിൽ കുറയാത്ത സ്റ്റാർട്ട് അപ്പുകൾ, പ്രവാസികളുടെ സംരംഭങ്ങൾ, കൃഷി, കോഴിവളർത്തൽ, മത്സ്യക്കൃഷി തുടങ്ങിയ മേഖലകളിലുള്ള സംരംഭകർക്ക് പദ്ധതിപ്രകാരം വായ്പ ലഭിക്കും.

ആവശ്യമായ രേഖകൾ സഹിതം www.kfc.org യിൽ ഓൺലൈനായി അപേക്ഷിക്കാം. സംരംഭകർക്ക് മാർഗനിർദേശങ്ങൾക്കും സഹായങ്ങൾക്കും 1800 890 1030 എന്ന ടോൾ ഫ്രീ നമ്പരിൽ ബന്ധപ്പെടാം.